പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 926 — 20/03/2013-ൽ മറുപടിക്ക്

## അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കുന്ന പദ്ധതി

ചോദ്യം — മറുപടി

ശ്രീ.കെ.മുരളീധരൻ :
ശ്രീ. അൻവർ സാദത്ത്
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി.
ശ്രീ. എ.റ്റി.ജോർജ്ജ്

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) & (ബി) | ഉണ്ട്. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനായി 2011-12 വർഷം പുതിയ പദ്ധതി ആവിഷ്കരിച്ചിരുന്നു. ഈ അമ്മമാരുടേയും, കുഞ്ഞുങ്ങളുടേയും ഭൗതിക ജീവിത സാഹചര്യം മെച്ചപ്പെടുത്തു-ന്നതിനായുള്ള പാക്കേജിൽ ഭവന നിർമ്മാണം, ജീവനോപാധി പദ്ധതികൾ (കന്നുകാലി വളർത്തൽ, തയ്യൽപരിശീലനം, തയ്യൽ മെഷീൻ വിതരണം, പെട്ടിക്കട നടത്തൽ) എന്നിവ ഉൾപ്പെടുന്നു. ഇതു കൂടാതെ, സ്നേഹസ്പർശം എന്നപേരിൽ ഒരു പെൻഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം 1000/- രൂപയാണ് പ്രതിമാസ പെൻഷൻ നൽകുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം; | | |
| (സി) | ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) | സാമൂഹ്യ സുരക്ഷ മിഷൻ മുഖേനയാണ് സ്നേഹസ്പർശം പദ്ധതി നടപ്പിലാക്കുന്നത്. മറ്റു പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പാണ് നടപ്പിലാക്കുന്നത്. |
| (ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ആദിവാസി അമ്മമാരുടെ പുനരധിവാസത്തിനായി 2011-12 വർഷം വിവിധ പദ്ധതികൾക്കായി 3,06,70,709/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളിൽ ഭവന നിർമ്മാണം നടപ്പുവർഷവും നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ